നമ്പർ: എൻ.ഇ.പി(3)/71953/2015/ഡിപിഐ

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 11.09.2015

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകൾ സന്ദർശിച്ച് ഐസിടി സ്ഥിതി വിവരകണക്ക് ശേഖരിക്കലും ഐസിടി അക്കാദമിക സഹായം നൽകലും സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിലെ ഐസിറ്റി പഠന പ്രവർത്തനങ്ങൾ, ഐസിറ്റി സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ഐസിറ്റി പഠനപ്രവർത്തനങ്ങളിൽ അധ്യാപകരേയും വിദ്യാർത്ഥികളേയും കൂടുതൽ സജ്ജരാക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ഇതിനായി മാസ്റ്റർട്രെയിനർമാർ നേരിട്ട് സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അക്കാദമിക പിൻതുണയും സഹായവും അധ്യാപകർക്ക് ലഭ്യമാക്കുകയും ഐസിടി അധിഷ്ഠിത പ്രവർത്തനങ്ങൾ ഫലപ്രദമാക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂൾ സന്ദർശനം 2015 സെപ്റ്റംബർ 14 മുതൽ ഒക്ടോബർ 16 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ നടത്തേണ്ടതാണ്.
2. രണ്ട് മാസ്റ്റർ ട്രെയിനർമാരുടെ ടീമാണ് ഓരോ സ്കൂളും സന്ദർശിക്കേണ്ടത്. സ്കൂൾ സന്ദർശിക്കുന്ന മാസ്റ്റർ ട്രെയിനർമാരുടെ സേവനം സന്ദർശന ദിവസം ഒരു സ്കൂളിൽ പൂർണ്ണമായും ഉണ്ടാകേണ്ടതാണ്. രാവിലെ സ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് സ്കൂളിൽ എത്തിച്ചേരേണ്ടതും സ്കൂൾ പ്രവർത്തനം അവസാനിക്കുന്നതുവരെ സ്കൂളിൽ ഉണ്ടാകേണ്ടതുമാണ്.
3. ജില്ലയിൽ മാസ്റ്റർട്രെയിനർമാരുടെ യോഗം ചേർന്ന് സന്ദർശിക്കുന്ന സ്കൂളുകളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ഐടി@സ്കൂൾ പ്രോജക്റ്റിന്റെ സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത ലിസ്റ്റ് അനുസരിച്ച് സന്ദർശനം നടത്തേണ്ടതുമാണ്. ലിസ്റ്റ് അനുസരിച്ച് സന്ദർശനം കഴിയാതെവന്നാൽ ടി വിവരം ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
4. സ്കൂൾ സന്ദർശനത്തിൽ മാസ്റ്റർട്രെയിനർമാർ ഏതെങ്കിലും വിധത്തിലുള്ള ക്രമക്കേടുകളോ കൃത്യവിലോപമോ നടത്തുന്നതായി കണ്ടെത്തിയാൽ അത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.
5. സന്ദർശനം നടത്താൻ ഉദ്ദേശിക്കുന്ന സ്കൂളുകളെ മുൻകൂട്ടി വിവരം അറിയിക്കേണ്ടതും പ്രഥമാദ്ധ്യാപകർ, സ്കൂൾ ഐടി കോർഡിനേറ്റർ, ഐടി വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്നിവരുടെ സാന്നിധ്യം അന്നേദിവസം സ്കൂളിൽ ഉറപ്പാക്കേണ്ടതുമാണ്.
6. സ്കൂൾ സന്ദർശന ദിവസംതന്നെ സ്കൂളിലെ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതും ആയതിന്റെ പ്രിൻറ് മാസ്റ്റർ ട്രെയിനർ ഒപ്പ് വെച്ച് സ്കൂൾ പ്രധമാദ്ധ്യാപകന്റെ മേലൊപ്പോടുകൂടി ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.
7. മാസ്റ്റർ ട്രെയിനർമാർ സ്കൂളുകൾ സന്ദർശിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണ്.
   - എ) ഐസിടി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത
   - ബി) പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ ഉപകരണങ്ങളുടെ വിവരങ്ങൾ
   - സി) മൾട്ടിമീഡിയ ക്ലാസ്സുറികളുടെ ഉപയോഗം
   - ഡി) ഇന്റർനെറ്റ് ഉപയോഗം
   - ഇ) ഡിസിടിയുടെ ഉപയോഗം
   - എഫ്) യുഐഡി/ഇഐഡി ലഭ്യമായതുസംബന്ധിച്ച വിശദാംശങ്ങൾ
   - ജി) ഐസിടി പഠനം
   - എച്ച്) പാഠപുസ്തക ലഭ്യത ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

8. സ്കൂൾ സന്ദർശന റിപ്പോർട്ട് പ്രഥമാദ്ധ്യാപകന്റെ ഒപ്പോടുകൂടെ സമർപ്പിച്ചകഴിയുമ്പോൾ സന്ദർശനം നടത്തിയ മാസ്റ്റർ ട്രെയിനർക്ക് ഒരു സ്കൂളിന് 250/ രൂപ നിരക്കിൽ ഓണറേറിയം ഐടി@സ്കൂൾ പ്രോജക്ടിൽ നിന്ന് അനുവദിക്കേണ്ടതാണ്. സ്കൂൾ സന്ദർശന റിപ്പോർട്ട് അതത് ജില്ലാകോർഡിനേറ്റർമാർ ക്രോഡീകരിച്ച് സ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതും റിപ്പോർട്ട് പരിശോധിച്ചശേഷം തുക അനുവദിക്കാവുന്നതുമാണ്.

9. സ്കൂൾ സന്ദർശന ദിവസം ഹൈസ്കൂൾ ക്ലാസ്സുകളിലെ ഐ സി റ്റി വിഷയത്തിന്റെ പഠനം, ലാബ് പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് അദ്ധ്യാപകരുടെ സംശയങ്ങൾ ദൂരീകരിച്ചുകൊടുക്കുന്നതിന് പ്രത്യേക പ്രാധാന്യം കൊടുക്കേണ്ടതാണ്.

10. സ്കൂൾ സന്ദർശനദിവസം ക്ലാസ്സുകൾക്ക് തടസ്സംവരാത്തവിധത്തിൽ അദ്ധ്യാപകരെ ഒരുമിച്ചുകൂട്ടി അവരെ ഡിജിറ്റൽ കോളാബറേറ്റീവ് ടെക്സ്റ്റ്ബുക്ക് സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതും ക്ലാസ്മുറികളിൽ പഠന സഹായിയായി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

11. ഡിജിറ്റൽ കൊളാബറേറ്റീവ് പാഠപുസ്തകത്തിലേക്ക് വിവിധതരത്തിലുള്ള പഠനസഹായ വിഭവങ്ങൾ ഓരോ സ്കൂളിൽ നിന്നും ഉൾപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

12. സ്കൂൾ സന്ദർശന വേളയിൽ ഏതെങ്കിലും തരത്തിലുള്ള ഗൗരവകരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടാൽ ജില്ലാ കോർഡിനേറ്ററെ രേഖാമൂലം അറിയിക്കേണ്ടതും ജില്ലാകോർഡിനേറ്റർ അത് തുടർ നടപടികൾക്കായി ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

13. സ്കൂൾ സന്ദർശനവേളയിൽ സ്മാർട്ട് ക്ലാസ്റൂം തയ്യാറാക്കുന്നതിനുള്ള സൗകര്യം പരിശോധിക്കേണ്ടതാണ്.

14. പാലക്കാട്, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ മാസ്റ്റർട്രെയിനർമാരുടെ എണ്ണം കുറവായതിനാൽ ഇവരോടൊപ്പം സ്കൂൾ സന്ദർശനം നടത്തുന്നതിന് ജില്ലയിൽ അധികമായി നിലനിർത്തിയിരിക്കുന്ന ഗവൺമെന്റ്/എയിഡഡ് അധ്യാപകരിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരുടെ സേവനം അതത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

**<u>സ്കൂൾ സന്ദർശന സമയക്രമവും പ്രവർത്തനങ്ങളും.</u>**

| സമയം | പ്രവർത്തനം |
|---|---|
| രാവിലെ 10 മണി മുതൽ 12 വരെ | സ്കൂളിലെ ഐസിടി സൗകര്യങ്ങളും പ്രവർത്തനങ്ങളും പരിശോധിക്കൽ |
| ഉച്ചക്ക് 12 മണി മുതൽ 2 വരെ | അധ്യാപകരുടെ യോഗം, സ്മാർട്ട് ക്ലാസിനുള്ള സൗകര്യം പരിശോധിക്കൽ |
| ഉച്ചക്ക് 2 മണി മുതൽ 4 വരെ | ഡിസിടി, യുഐഡി, വിക്ടേഴ്സ്, സ്മാർട്ട്സ് ക്ലാസ്റൂം പ്രവർത്തനം, തുടങ്ങിയവ |

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ സർക്കാർ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും

**പകർപ്പ്:-**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ